പോലെ തന്നെ വൈപ്പിനിൽ കടലിൽ പോയ നാലുപേരെ കാണാതായിട്ടുണ്ട്. അതിൽ ഒരാളുടെ മൃതദേഹം കിട്ടിയതായിട്ടാണ് പറയുന്നത്. ഇത് സംബന്ധിച്ച് അന്വേഷിച്ച് ഗൗരവസ്ഥിതി ഉണ്ടെങ്കിൽ സഭ പിരിയുന്നതിനുമുമ്പ് അറിയിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, മത്സ്യബന്ധനത്തിനുപോയ ചില തൊഴിലാളികളെ തിരിച്ചുവന്നിട്ടില്ല എന്ന വിവരം കിട്ടി. ഉടനെതന്നെ നേവിയുമായി ബന്ധപ്പെട്ട് അവരെ അന്വേഷിക്കുന്നതിനുവേണ്ട സംവിധാനങ്ങൾ ചെയ്യുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ മൃതദേഹം കിട്ടിയെന്നുള്ളതിനു എനിക്ക് വിവരമില്ല. അവർ തിരിച്ചെത്തിയിട്ടില്ല എന്നുള്ള വിവരം അറിഞ്ഞ ഉടനെ നേവിയുമായി ബന്ധപ്പെട്ട് അതിനു വേണ്ട സംവിധാനം ഉണ്ടാക്കാൻ നിർദ്ദേശം കൊടുത്തു കഴിഞ്ഞു. മുകമ്പത്തെ സംബന്ധിച്ച് ഒരു ഭയപ്പാട് ഉണ്ടെങ്കിൽ, കാരണം മാറ് പ്രദേശങ്ങളിൽ ഭൂകമ്പം ഉണ്ടായതിനെത്തുടർന്ന് സുനാമി പോലെയുള്ള പ്രശ്നങ്ങൾ ഉണ്ടാകുമെന്നുള്ള ഭയപ്പാടോ ആശങ്കയോ ഉണ്ടെങ്കിൽ ഇതുവരെയുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഭയപ്പെടേണ്ട ഒരു സാഹചര്യവും ഇല്ല.

VII. റിപ്പോർട്ട് സമർപ്പണം

(1) 2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ബിൽ,

(2) 2005-ലെ യൂണിവേഴ്സിറ്റി ലാസ് (അമെൻഡ്മെന്റ്) അമെൻഡിംഗ് ബിൽ.

(3) 2005-ലെ കേരള സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രോഹിബിഷൻ ഓഫ് ക്യാപ്പിറേഷൻ ഫീസ് ആൻഡ് പ്രൊസീജിയർ ഫോർ അഡ്മിഷൻ ആൻഡ് ഫിക്സേഷൻ ഓഫ് ഫീസ്) അമെൻഡ്മെന്റ് ബിൽ. ഇവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, 2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ബിൽ, 2005-ലെ യൂണിവേഴ്സിറ്റി ലാസ് (അമെൻഡ്മെന്റ്) അമെൻഡിംഗ് ബിൽ, 2005-ലെ കേരള സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറേഷൻ ഫീസ് ആൻഡ് പ്രൊസീജിയർ ഫോർ അഡ്മിഷൻ ആൻഡ് ഫിക്സേഷൻ ഓഫ് ഫീസ്) അമെൻഡ്മെന്റ് ബിൽ എന്നിവ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ റിപ്പോർട്ടുകൾ ചെയർമാനു വേണ്ടി ഞാൻ സമർപ്പിക്കുന്നു.

(4) അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയാറാമത് റിപ്പോർട്ട്.

ശ്രീ. എ. സുജനപാൽ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയാറാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly